## മധുരമായ കുട്ടികളേ – എപ്പോഴാണോ ഭക്തരുടെ തിരക്ക് വർദ്ധിച്ച് വന്നത്, ആപത്തുകൾ വർദ്ധിച്ച് വന്നത് അപ്പോഴാണ് ബാബ വന്നിരിക്കുന്നത്, ജ്ഞാനത്തിലൂടെ ഗതിയും സദ്ഗതിയും നൽകുന്നതിനു വേണ്ടി.

**ചോദ്യം :** വികർമ്മാജീത്തായി മാറുന്നതാരാണ് ? വികർമ്മാജീത്തായി മാറുന്നവരുടെ അടയാളമെന്താണ്?
**ഉത്തരം :** ആരാണോ കർമ്മം, അകർമ്മം, വികർമ്മത്തിന്റെ ഗതിയെ മനസിലാക്കി ശ്രേഷ്ഠകർമ്മം ചെയ്യുന്നത് അവരാണ് വികർമ്മാജീത്തായി മാറുന്നത്. വികർമ്മാജീത്തായി മാറുന്നവരെ ഒരിക്കലും കർമ്മം ചതിക്കുകയില്ല. അവരുടെ കർമ്മം വികർമ്മമായി മാറുന്നില്ല.

**ചോദ്യം :** ഈ സമയത്ത് ബാബ ഏത് ഡബിൾ സർവീസാണ് ചെയ്യുന്നത്?
**ഉത്തരം :** ആത്മാവും ശരീരവും രണ്ടും പാവനമാക്കി മാറ്റുന്നുമുണ്ട്, തന്റെ കൂടെ തിരിച്ചു വീട്ടിലേക്കു കൊണ്ടുപോവുകയും ചെയ്യുന്നുണ്ട്. സ്വഭാവ മഹിമ ഒരു ബാബയ്ക്ക് മാത്രമാണ്, മനുഷ്യർക്കുണ്ടാവുക സാദ്ധ്യമല്ല.

**ഗീതം:** ഓം നമ: ശിവായ....

**ഓം ശാന്തി.** ഈ ഗീതം കുട്ടികൾ കേട്ടുവല്ലോ. ആരെല്ലാം ഭക്തിമാർഗത്തിലുണ്ടോ അവർ ഇങ്ങനെയുള്ള ഗീതം പാടും. ഘോരമായ അന്ധകാരത്തിൽ നിന്ന് പ്രകാശം ആഗ്രഹിക്കുന്നു. പിന്നെ ദു:ഖത്തിൽ നിന്നു മുക്തമാകുന്നതിനു വേണ്ടി വിളിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ശിവവംശി ബ്രഹ്മാകുമാർ കുമാരികളാണ്. ഇതൊക്കെ മനസിലാക്കേണ്ട കാര്യമാണ്. ഇത്രയും കുട്ടികൾ ശരീരവംശാവലിയാകാനും സാധ്യതയില്ല. തീർച്ചയായും മുഖവംശാവലിയായിരിക്കും. കൃഷ്ണന് ഇത്രയും റാണിമാരോ കുട്ടികളോ ഉണ്ടായിരുന്നില്ല. ഗീതയുടെ ഭഗവാനാണെങ്കിൽ രാജയോഗം പഠിപ്പിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും മുഖവംശാവലി ഉണ്ടായിരിക്കും. പ്രജാപിതാ എന്ന വാക്ക് പേരു കേട്ടതാണ്. ഇദ്ദേഹത്തിന്റെ മുഖത്തിലൂടെ ബാബ വന്ന് ബ്രാഹ്മണധർമ്മം രചിയ്ക്കുകയാണ്. പ്രജാപിതാ എന്ന പേര് അച്ഛനു തന്നെയാണ് ശോഭനീയമായിട്ടുള്ളത്. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി ആ അച്ഛന്റെതായി മാറിയിരിക്കുകയാണ്. മനുഷ്യർ പറയുന്നത്– കൃഷ്ണനും ഭഗവാനാണ്, ശിവനും ഭഗവാനാണ്. രുദ്രഭഗവാനു പകരം കൃഷ്ണന്റെ പേരു കൊടുത്തിരിയ്ക്കുകയാണ്. പറയുന്നുമുണ്ട്–ശങ്കർ പാർവതി. രുദ്രപാർവതി എന്നു പറയാറില്ല. ശിവശങ്കര മഹാദേവ എന്നു പറയാറുണ്ട്. ഇപ്പോൾ കൃഷ്ണൻ എവിടെ നിന്നു വന്നു? കൃഷ്ണനെ ശങ്കരനെന്നോ രുദ്രനെന്നോ പറയില്ല. ഭക്തർ പാടുന്നുണ്ട്. എന്നാൽ ഭഗവാനെ അറിയുന്നില്ല. ഭാരതത്തിലെ സത്യം സത്യമായ ഭക്തർ വാസ്തവത്തിൽ അവരാണ്– ആരാണോ പൂജ്യരായിരുന്നത്, അവർ തന്നെയാണ് പൂജാരിയാകുന്നത്. അതിലും നമ്പർവാറാണ്. നിങ്ങളിലും നമ്പർവാറാണ്. നിങ്ങൾ ബ്രാഹ്മണരാണ്. അവർ ശൂദ്രരാണ്. ദേവതാധർമ്മത്തിൽ പെട്ടവർ തന്നെയാണ് വളരെ ദു:ഖിതരായിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ അവർ വളരെ സുഖവും അനുഭവിച്ചവരാണ്. ഇപ്പോൾ നിങ്ങളുടെ അവിടെയും ഇവിടെയുമുള്ള അലച്ചിൽ അവസാനിച്ചിരിക്കുന്നു–അരകല്പത്തേക്ക്. ഈ രഹസ്യവും നിങ്ങൾ ബ്രാഹ്മണർക്കു മാത്രമേ അറിയൂ. അതും നമ്പർവാറായി. ആര് കല്പം മുമ്പ് എത്ര പുരുഷാർത്ഥം ചെയ്തിട്ടുണ്ടോ അത്രയും ഇപ്പോൾ ചെയ്യും. ഇങ്ങനെയുമില്ല–ഡ്രാമയിൽ എന്താണോ ഉള്ളത്, എന്തായാലും പുരുഷാർത്ഥത്തിന്റെ പേര് വരുന്നുണ്ടല്ലോ. ഡ്രാമയ്ക്ക് കുട്ടികളെക്കൊണ്ട് പുരുഷാർത്ഥം ചെയ്യിക്കണം. ഏതുപോലെ പുരുഷാർഥം അതേപോലെ പദവിയും ലഭിക്കും. നമ്മൾക്കറിയാം കല്പം മുമ്പും ഇങ്ങനെത്തന്നെയാണ് പുരുഷാർത്ഥം ചെയ്തിട്ടുണ്ടായിരുന്നത്. ഇങ്ങനെ പീഡനങ്ങളൊക്കെ സഹിച്ചിട്ടുണ്ടായിരുന്നു, യജ്ഞത്തിൽ വിഘ്നങ്ങളും ഉണ്ടായിരുന്നു.

നിങ്ങൾ കുട്ടികൾ മനസിലാക്കുന്നു–ബാബ വീണ്ടും വന്നിരിക്കുകയാണ്. കല്പം മുമ്പും ഇതേ സമയത്തു തന്നെയാണ് വന്നിരുന്നത്– എപ്പോഴാണോ ഇംഗ്ലീഷുകാരുടെ ഭരണം ഉണ്ടായിരുന്നത്. അവരിൽ നിന്നു കോൺഗ്രസുകാർ രാജ്യം പിടിച്ചെടുത്തു, അതിനു ശേഷം പാകിസ്ഥാൻ ഉണ്ടായി. ഇതൊക്കെ കല്പം മുമ്പും നടന്നിട്ടുണ്ടായിരുന്നു. ഗീതയിൽ ഈ കാര്യങ്ങളൊന്നുമില്ല. അവസാനം മനസിലാകും–ശരിക്കും ഇപ്പോൾ ആ സമയം വന്നിരിക്കുകയാണെന്ന്. ചിലരൊക്കെ മനസിലാക്കുന്നുമുണ്ട്–ഈശ്വരൻ വന്നിരിക്കുന്നുവെന്ന്. എപ്പോഴാണ് മഹാഭാരതയുദ്ധം തുടങ്ങിയത് അപ്പോൾ ഭഗവാൻ വന്നിരുന്നുവെന്ന്. പറയുന്നത്

ശരിയാണ്, പേരു മാത്രം മാറിയെന്നേ ഉള്ളൂ. രുദ്രൻ എന്ന പേരാണ് പറഞ്ഞിരുന്നതെങ്കിലും മനസിലാക്കാമായിരുന്നു-ശരിയാണ് എന്ന്. രുദ്രനാണ് ജ്ഞാനയജ്ഞം രചിച്ചത്, അതിലൂടെ ലോകത്തിന്റെ ആപത്തുകളും ഇല്ലാതായിരുന്നു. ഇതും മെല്ലെ മെല്ലെ നിങ്ങളിലൂടെ മനസിലാവും. ഇതിന് ഇനിയും സമയമെടുക്കും. അല്ലെങ്കിൽ ഇവിടെ നിങ്ങൾക്ക് പഠിക്കാനും കൂടി സാധിക്കാത്ത അത്രയും തിരക്കു വരുമായിരുന്നു. ഇവിടെ തിരക്കിന്റെ കാര്യമൊന്നുമില്ല. ഗുപ്തവേഷത്തിൽ കാര്യങ്ങൾ നടക്കുന്നു. ഇപ്പോൾ ഏതെങ്കിലും വലിയ മനുഷ്യർ ഇവിടെ വന്നാൽ പറയും-ഇവരുടെ തലയ്ക്കു സുഖമില്ലെന്ന്. ഇത് ബാബ നിങ്ങൾ കുട്ടികളെയാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ദേവതാധർമം രചിയ്ക്കാൻ ഭഗവാൻ തന്നെ വരണമല്ലോ. ഭഗവാൻ ഇപ്പോൾ വന്നിരിക്കുകയാണ് -പുതിയ ലോകം രചിക്കുന്നതിനു വേണ്ടി. ഭക്തരുടെ കഷ്ടപ്പാടുകൾ ഇല്ലാതാക്കാൻ. വിനാശത്തിനു ശേഷം ഒരു ദു:ഖവുമുണ്ടാകില്ല. അവിടെ സത്യയുഗത്തിൽ ഭക്തരൊന്നുമുണ്ടാവില്ല. ദു:ഖം ഉണ്ടാകുന്ന തരത്തിലുള്ള ഒരു കർമ്മവും അവിടെയുണ്ടാവില്ല.

(ബോംബെയിൽ നിന്ന് രമേശ് ഭായിയുടെ ഫോൺ വന്നു) ബാപ്ദാദ പോകുമ്പോൾ കുട്ടികൾ ഉദാസീനരാകുന്നു, സ്ത്രീ തന്റെ പതി വിദേശത്തു പോകുമ്പോൾ ഓർമിച്ചോർമ്മിച്ചു കരയുന്നതുപോലെ. അത് ലൗകിക സംബന്ധമാണ്. ഇവിടെ ബാബയുടെ അടുത്ത് ആത്മീയ സംബന്ധമാണ്. ബാബയിൽ നിന്ന് വേർപിരിയുമ്പോൾ പ്രേമത്താൽ അശ്രു ഒഴുകുന്നു. ആരാണോ സർവീസബിൾ ആയ കുട്ടികൾ ബാബയ്ക്ക് അവരെപ്പറ്റി ചിന്തയുണ്ട്. സത്പുത്രരായ കുട്ടികളെ പ്രതി ബാബയ്ക്ക് ശ്രദ്ധയുണ്ടായിരിക്കും. ശിവബാബയുമായി ഉയർന്നതിലും ഉയർന്ന സംബന്ധമാണ്. ഇതിലും വലിയൊരു സംബന്ധം വേറെയില്ല. ശിവബാബയാണെങ്കിൽ കുട്ടികളെ തന്നെക്കാൾ ഉയർന്നതാക്കി മാറ്റുന്നു. നിങ്ങൾ പാവനമായി മാറുന്നുണ്ട്, എന്നാൽ ശിവബാബയെപ്പോലെ സദാ പാവനമായി മാറാൻ സാധിയ്ക്കില്ല. പാവനമായ ദേവതയായി മാറും.

ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. ബാക്കി മനുഷ്യർ വെറുതെ പേരു വെക്കുന്നു എന്നു മാത്രം. ഈ സമയത്ത് ലോകത്ത് ഭക്തരുടെ മാല വളരെ വലുതാണ്. നിങ്ങളുടേത് 16108ന്റെ മാലയാണ്. ഭക്തർ കോടിക്കണക്കിനുണ്ട്. ഇവിടെ ഭക്തിയുടെ കാര്യമൊന്നുമില്ല. ജ്ഞാനത്തിലൂടെ സദ്ഗതി ലഭിക്കും. ഇപ്പോൾ നിങ്ങളെ ഭക്തിയുടെ അലച്ചിലിൽ നിന്ന് മുക്തമാക്കിയിരിക്കുന്നു. ബാബ പറയുന്നു-എല്ലാ ഭക്തരുടെയും അടുത്ത് തിരക്കു വർധിക്കുമ്പോൾ എനിയ്ക്കു വരേണ്ടതായി വരുന്നു-എല്ലാവർക്കും ഗതിയും സദ്ഗതിയും തരുന്നതിനു വേണ്ടി. സ്വർഗ്ഗത്തിലെ ദേവതകൾ തീർച്ചയായും ഇങ്ങനെയുള്ള ശ്രേഷ്ഠകർമ്മം ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഇത്രയും ഉയർന്ന പദവി ലഭിച്ചത്. കർമ്മമാണെങ്കിൽ മനുഷ്യർ ചെയ്തുവരുന്നു. എന്നാൽ അവിടെ കർമ്മം ചതിക്കുന്നില്ല. ഇവിടെയാണെങ്കിൽ കർമ്മം വികർമ്മമാകുന്നു. എന്തുകൊണ്ടെന്നാൽ മായയുണ്ട്. അവിടെ മായയില്ല. നിങ്ങൾ വികർമ്മാജീത്തായി മാറുകയാണ്. ഏതുകുട്ടികളാണോ ഇപ്പോൾ കർമ്മം, അകർമ്മം, വികർമ്മത്തിന്റെ ഗതി മനസിലാക്കിത്തരുന്നത് അവർ തന്നെയാണ് വികർമ്മാജീത്തായി  മാറുന്നത്. കല്പം മുമ്പും നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിച്ചിരുന്നു. അതു തന്നെയാണ് ഇപ്പോഴും പഠിപ്പിക്കുന്നത്. കോൺഗ്രസുകാർ ഇംഗ്ലീഷുകാരെ പുറത്താക്കി രാജാക്കന്മാരിൽ നിന്ന് രാജധാനി പിടിച്ചെടുത്തു. പിന്നീട് രാജാവ് എന്ന പേരു തന്നെ അപ്രത്യക്ഷമായി. 5000 വർഷം മുമ്പ് ഭാരതം രാജസ്ഥാൻ ആയിരുന്നു. ലക്ഷ്മീനാരായണന്റെ രാജ്യമുണ്ടായിരുന്നു. ദേവതകളുടെ രാജ്യമായിരുന്ന സമയത്ത് പരിസ്ഥാൻ ആയിരുന്നു. തീർച്ചയായും അവർക്ക് ഭഗവാൻ രാജയോഗം പഠിപ്പിച്ചിട്ടുണ്ടാവും. അതുകൊണ്ടാണ് അവരുടെ പേര് ഭഗവാൻ, ഭഗവതി എന്നു വരാൻ കാരണം. എന്നാൽ ഇപ്പോൾ നമ്മളിൽ ജ്ഞാനമുണ്ടെങ്കിലും സ്വയത്തെ ഭഗവാൻ, ഭഗവതി എന്നൊന്നും പറയാൻ പറ്റില്ല. അല്ലെങ്കിൽ എങ്ങനെയാണോ രാജാവും റാണിയും അതേപോലെ പ്രജകളും ഭഗവാനും ഭഗവതിയും ആവണമല്ലോ. എന്നാൽ അങ്ങനെ ഒരിക്കലും ആവില്ല. ലക്ഷ്മീനാരായണന്റെ പേര് പ്രജകളിൽ ആർക്കും വെക്കാൻ പറ്റില്ല. അതു നിയമവുമല്ല. വിദേശത്തും രാജാക്കന്മാരുടെ പേര് ആരും തങ്ങൾക്ക് വെക്കാറില്ല. അവരെ വലരെ ബഹുമാനിയ്ക്കുന്നു. അതുകൊണ്ട് ് കുട്ടികൾ മനസിലാക്കുന്നു-5000 വർഷം മുമ്പ് ബാബ വന്നിരുന്നു. ഇപ്പോഴും ബാബ വന്നിരിക്കുകയാണ് ദൈവികരാജസ്ഥാൻ സ്ഥാപിക്കുന്നതിനു വേണ്ടി. ശിവബാബയ്ക്കു വരേണ്ടതും ഇപ്പോൾ തന്നെയാണ്. ബാബ തന്നെയാണ് പാണ്ഡവരുടെയും പതി. ശ്രീകൃഷ്ണനല്ല. ബാബ വഴി കാട്ടിയായി വന്നിരിക്കുകയാണ്-തിരിച്ചുകൂട്ടിക്കൊണ്ടുപോകുന്നതിനുവേണ്ടി. പുതിയ സത്യയുഗീലോകം സ്ഥാപിക്കുന്നതിനു വേണ്ടി. അതുകൊണ്ട് തീർച്ചയായും ബ്രഹ്മാവിലൂടെത്തന്നെയാണ് ബ്രാഹ്മണരെ രചിക്കുക. കൃഷ്ണൻ ഒരിക്കലും ഇവിടെ ഉണ്ടാകില്ല. മുഖ്യമായ ഗീതയെ ഖണ്ഡിച്ചിരിക്കുകയാണ്. ഇപ്പോൾ ബാബ മനസിലാക്കിത്തരികയാണ്-ഞാൻ കൃഷ്ണനല്ല. എന്നെ രുദ്രൻ അഥവാ സോമനാഥൻ എന്നാണ് പറയുന്നത്. നിങ്ങളെ ജ്ഞാനത്തിന്റെ സോമരസം കുടിപ്പിക്കുകയാണ്. ബാക്കി

യുദ്ധത്തിന്റെ കാര്യമൊന്നുമില്ല. നിങ്ങൾക്ക് യോഗബലത്തിലൂടെ രാജപദവിയുടെ വെണ്ണയാണ് ലഭിക്കുന്നത്. കൃഷ്ണന് വെണ്ണ തീർച്ചയായും ലഭിക്കും. ഇത് കൃഷ്ണന്റെ അന്തിമജന്മത്തിലെ ആത്മാവാണ്. ഇവർക്കും(ബ്രഹ്മാ-സരസ്വതി) ബാബ ഇങ്ങനെയുള്ള കർമ്മമാണ് പഠിപ്പിക്കുന്നത്-ഇവർ ഭാവിയിൽ ലക്ഷ്മീനാരായണനായി മാറുന്നു. ഈ ലക്ഷ്മീനാരായണൻ തന്നെയാണ് ചെറുപ്പത്തിൽ രാധയും കൃഷ്ണനുമായിരുന്നത്. അതുകൊണ്ട് ലക്ഷ്മീനാരായണന്റെ കൂടെ രാധയുടെയും കൃഷണന്റെയും ചിത്രം കൊടുത്തിരിക്കുന്നു. അല്ലാതെ ഇവർക്ക് മഹിമയൊന്നുമില്ല. ചരിത്രം ഒരു ഗീതയുടെ ഭഗവാന്റേതാണ്. ശിവബാബ കുട്ടികൾക്ക് ഭിന്നഭിന്ന സാക്ഷാത്കാരം ചെയ്യിപ്പിക്കുകയാണ്. ബാക്കി മനുഷ്യരുടെ ഒരു ചരിത്രവുമില്ല. ക്രൈസ്റ്റ് മുതലായവരും വന്ന് ധർമ്മം സ്ഥാപിച്ചു. ഓരോരുത്തർക്കും അവരവരുടെ പാർട്ട് അഭിനയിക്കുക തന്നെ വേണം. ഇതിൽ ചരിത്രത്തിന്റെ കാര്യമൊന്നുമില്ല. അവർക്കാർക്കും ഗതി കൊടുക്കാനും സാധിക്കില്ല. ഇപ്പോൾ പരിധിയില്ലാത്ത പിതാവ് പറയുകയാണ് ഞാൻ നിങ്ങൾ കുട്ടികളുടെ ഡബിൾ സർവീസ് ചെയ്യാനാണ് വന്നിരിക്കുന്നത് അതിലൂടെ നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പവിത്രമായി മാറുന്നു. എല്ലാവരെയും വീടായ മുക്തിധാമിലേക്ക് കൊണ്ടുപോകുന്നു. പിന്നീട് അവിടെ നിന്ന് അവരവരുടെ പാർട്ട് അഭിനയിക്കാൻ വരുന്നു. കുട്ടികൾക്ക് എത്രനല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ഈ ലക്ഷ്മീനാരായണന്റെ ചിത്രത്തിൽ മനസ്സിലാക്കിക്കൊടുക്കാൻ എത്ര സഹജമാണ്. ത്രിമൂർത്തിയുടേയും ശിവബാബയുടേയും ചിത്രവുമുണ്ട്. ചിലർ പറയുന്നു ത്രിമൂർത്തി ചിത്രം വേണ്ട, ചിലർ പറയുന്നു കൃഷ്ണന്റെ ചിത്രത്തിൽ 84 ജന്മത്തിന്റെ കഥ വേണ്ടതില്ല. കൃഷ്ണൻ 84 ജന്മങ്ങളെടുത്ത് പതീതമാകുന്നു എന്ന് മനുഷ്യർ കേൾക്കുമ്പോൾ അവർക്ക് പരിഭ്രമം ഉണ്ടാകുന്നു. നമ്മൾ തെളിയിച്ച് പറഞ്ഞുകൊടുക്കുന്നു, തീർച്ചയായും ആദ്യനമ്പറിലുള്ള ശ്രീകൃഷ്ണൻ ഏറ്റവും കൂടുതൽ ജന്മമെടുക്കേണ്ടതായി വരുന്നു. പുതിയ പുതിയ പോയിന്റുകൾ ദിവസവും വരുന്നുണ്ട്. എന്നാൽ ധാരണയുമുണ്ടായിരിക്കണം. ഏറ്റവും എളുപ്പമാണ് ലക്ഷ്മീനാരായണന്റെ ചിത്രത്തിലൂടെ മനസിലാക്കിക്കൊടുക്കാൻ. മനുഷ്യർക്ക് ഒരു ചിത്രത്തിന്റെയും അർത്ഥം മനസിലാവുന്നില്ല. ചിത്രങ്ങൾ എങ്ങനെയെങ്കിലുമൊക്കെ ഉണ്ടാക്കുന്നു. നാരായണന് രണ്ടു കൈകളാണെങ്കിൽ ലക്ഷ്മിക്കു നാലു കൈകൾ കാണിച്ചിരിക്കുന്നു. സത്യയുഗത്തിൽ ഇത്ര കൈകളൊന്നുമില്ല. സൂക്ഷ്മവതനത്തിലാണെങ്കിൽ ബ്രഹ്മാ-വിഷ്ണു-ശങ്കരൻമാരുണ്ട്. അവർക്കും ഇത്ര കൈകളൊന്നുമില്ല. മൂലവതനത്തിലാണെങ്കിൽ നിരാകാരി ആത്മാക്കളാണ്. പിന്നെ ഈ 8,10 ഭുജങ്ങളുള്ളവർ എവിടെ വസിക്കുന്നവരാണ്? മനുഷ്യസൃഷ്ടിയിലിരിക്കുന്നവർ ആദ്യമാദ്യം ലക്ഷ്മീ-നാരായണൻ , രണ്ടു ഭുജങ്ങളുള്ളവർ. എന്നാൽ നാലുഭുജങ്ങളാണ് കൊടുത്തിരിക്കുന്നത്. നാരായണനെ കറുത്തിട്ടും ലക്ഷ്മിയെ വെളുത്തുമാണ് കാണിച്ചിരിക്കുന്നത്. അതുകൊണ്ട് അവരുടെ മക്കൾ എങ്ങനെയുള്ളവരായിരിക്കും? എത്ര ഭുജങ്ങളുള്ളവരായിരിക്കും? എന്താ ആൺകുട്ടിക്ക് നാലു കൈകളും പെൺകുട്ടിക്ക് രണ്ടു കൈകളുമായിരിക്കുമോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കാം. കുട്ടികൾക്കു മനസിലാക്കിക്കൊടുത്തിട്ടുണ്ട്- എപ്പോഴും ഇങ്ങനെ മനസിലാക്കൂ-ഞങ്ങളെ ശിവബാബയാണ് മുരളി കേൾപ്പിക്കുന്നത്. ചിലപ്പോൾ ഈ ബ്രഹ്മാവും കേൾപ്പിക്കുന്നുണ്ട്. ശിവബാബ പറയുകയാണ്-ഞാൻ ഗൈഡായി വന്നിരിക്കുകയാണ്. ഈ ബ്രഹ്മാവ് എന്റെ വലിയ കുട്ടിയാണ്. പറയുന്നുമുണ്ട്-ത്രിമൂർത്തി ബ്രഹ്മാവെന്ന്. ത്രിമൂർത്തി ശങ്കർ അഥവാ വിഷ്ണു എന്ന് പറയില്ല. മഹാദേവനെന്ന് ശങ്കരനെയാണ് പറയുന്നത്. പിന്നെ ത്രിമൂർത്തി ബ്രഹ്മാവെന്ന് എന്തുകൊണ്ടാണ് പറയുന്നത്? ഇവരിലൂടെയാണ് പ്രജകളെ രചിച്ചിരിക്കുന്നത്. ഇവർ ശിവബാബയുടെ പത്നിയാകുന്നു. ശങ്കരനെയോ വിഷ്ണുവിനെയോ പത്നി എന്നു പറയില്ല. ഇതു മനസിലാക്കാനുള്ള വളരെ അത്ഭുതകരമായ കാര്യങ്ങളാണ്. ഇവിടെ ബാബയെയും സമ്പത്തിനെയും ഓർമ്മിച്ചാൽ മാത്രം മതി. ഇതിൽ മാത്രം പരിശ്രമിച്ചാൽ മതി. ഇപ്പോൾ നിങ്ങൾ എത്ര വിവേകശാലികളായി മാറിയിരിക്കുന്നു- പരിധിയില്ലാത്ത അച്ഛനിലൂടെ. ഓൾമൈറ്റി അതോറിറ്റി രാജ്യമുണ്ടാവും. ഒരു ഗവൺമെന്റാകും. എപ്പോഴാണോ സൂര്യവംശി ഗവൺമെന്റ് ഉണ്ടായിരുന്നത് അപ്പോൾ ചന്ദ്രവംശി ഉണ്ടായിരുന്നില്ല. പിന്നീട് ചന്ദ്രവംശി വരുമ്പോൾ സൂര്യവംശിയുമില്ല. അത് കഴിഞ്ഞുപോകും. ഡ്രാമ മാറുന്നു. ഇതൊക്കെ അത്ഭുതകരമായ കാര്യങ്ങളാണ്. കുട്ടികൾക്കെത്ര സന്തോഷമുണ്ടായിരിക്കണം. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് തീർച്ചയായും പരിധിയില്ലാത്ത സമ്പത്തെടുക്കും. ലൗകികത്തിൽ പതിയെ എത്ര ഓർമിക്കുന്നു. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത ചക്രവർത്തിപദവിയാണ് തരുന്നത്. ഇങ്ങനെയുള്ള പതിമാരുടെയും പതിയെ എത്രയെത്ര ഓർമിക്കണം. എത്ര വലിയ പ്രാപ്തിയാണ് ലഭിക്കുന്നത്? അവിടെ നിങ്ങളൊരിക്കലും ആരിൽ നിന്നും ഒന്നും യാചിക്കുന്നില്ല. അവിടെ ദരിദ്രർ ഉണ്ടാകുന്നേയില്ല. പരിധിയില്ലാത്ത അച്ഛൻ ഭാരതത്തിന്റെ സഞ്ചി നിറച്ചുതരികയാണ്. ലക്ഷ്മീനാരായണന്റെ രാജ്യത്തെ ഗോൾഡൻ ഏജ് എന്നാണ് പറയുന്നത്. ഇപ്പോൾ അയൺ ഏജ് ആണ്. വ്യത്യാസം നോക്കൂ- എത്രയാണ്. ബാബ പറയുന്നു-ഞാൻ കുട്ടികളെ രാജയോഗം പഠിപ്പിക്കുകയാണ്. നിങ്ങൾ തന്നെയായിരുന്നു ദേവീദേവതമാർ. പിന്നീട് ക്ഷത്രിയർ, വൈശ്യർ, ശൂദ്രരായി മാറി. ഇപ്പോൾ വീണ്ടും ബ്രാഹ്മണരായി മാറിയിരിക്കുകയാണ്. വീണ്ടും ദേവതയായി മാറും. ഈ 84 ജ

ന്മത്തിന്റെ ചക്രത്തെ നിങ്ങൾ ഓർമിക്കൂ. ചിത്രങ്ങളിലൂടെ മനസിലാക്കിക്കൊടുക്കുക സഹജമാണ്. എപ്പോഴാണോ ദേവീദേവതകളുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ വേറൊരു രാജ്യവുമുണ്ടായിരുന്നില്ല. ഒരേയൊരു രാജ്യമേ ഉണ്ടായിരുന്നുള്ളൂ. വളരെയൊന്നും ഉണ്ടായിരുന്നില്ല. അതിനെയാണ് പറയുന്നത് –സ്വർഗം എന്ന്. അവിടെ പവിത്രത ഉണ്ടായിരുന്നു, സുഖശാന്തിയും ഉണ്ടായിരുന്നു. പുനർജന്മം എടുത്തെടുത്ത് താഴേക്ക് വന്നു. 84 ജന്മം ഇവർ എടുത്തിട്ടുണ്ട്. ഇവർ തന്നെയാണ് തമോപ്രധാനമായി മാറിയത്. വീണ്ടും ഇവർക്കു തന്നയാണ് സതോപ്രധാനമായി മാറേണ്ടതും. സതോപ്രധാനമാകുന്നത് എങ്ങനെയാണ് എന്നു മനസിലാക്കിത്തരാൻ തീർച്ചയായും ഒരാൾ വേണം. ബാബയ്ക്കല്ലാതെ വേറെയാർക്കും മനസിലാക്കിത്തരാൻ സാധിക്കില്ല . നിങ്ങൾക്കറിയാമോ –ശിവബാബ ഇദ്ദേഹത്തിന്റെ വളരെ ജന്മങ്ങളുടെ അന്ത്യത്തിൽ ഇവരിൽ പ്രവേശിക്കുകയാണ്. എത്ര സ്പഷ്ടമായിട്ടാണ് പറഞ്ഞുമനസിലാക്കിത്തരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1. ഒരേയൊരു ബാബയോടു മാത്രം സർവ്വആത്മീയസംബന്ധം വെക്കുക. സർവീസബിൾ ആയിട്ടുള്ള കുട്ടികൾക്ക് ബഹുമാനം കൊടുക്കണം. തനിയ്ക്കു സമാനമാക്കി മാറ്റുന്നതിന്റെ സേവ ചെയ്യണം.

2. പരിധിയില്ലാത്ത ബാബയിലൂടെ നമുക്ക് പരിധിയില്ലാത്ത വിശ്വത്തിന്റെ രാജ്യഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമി, ആകാശം, എല്ലായിടത്തും നമ്മുടെ അധികാരമായിരിക്കും. ഈ ലഹരിയിലും സന്തോഷത്തിലും ഇരിക്കണം. ബാബയെയും സമ്പത്തിനെയും ഓർമിക്കണം.

### വരദാനം:– ബാലകന്റെയും അധികാരിയുടെയും ബാലൻസിലൂടെ പുരുഷാർത്ഥത്തിലും സേവനത്തിലും സദാ സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

സദാ ഈ ലഹരിയുണ്ടായിരിക്കണം അതായത് പരിധിയില്ലാത്ത ബാബയുടെയും പരിധിയില്ലാത്ത സമ്പത്തിന്റെയും ബാലകനും ഒപ്പം അധികാരിയുമാണ്, പക്ഷെ ഏതെങ്കിലും നിർദ്ദേശം നൽകണമെങ്കിലോ, പ്ലാനിങ്ങ് ചെയ്യണമെങ്കിലോ, കാര്യങ്ങൾ ചെയ്യണമെങ്കിലോ അധികാരിയായി ചെയ്യൂ. പിന്നെ ഭൂരിപക്ഷത്തിലൂടെയോ നിമിത്തമായ ആത്മാക്കളിലൂടെയോ ഏതെങ്കിലും കാര്യം തീരുമാനമായാൽ അപ്പോൾ ബാലകനാകൂ. എപ്പോൾ നിർദ്ദേശം കൊടുക്കേണ്ടവരാകണോ, എപ്പോൾ നിർദ്ദേശം സ്വീകരിക്കണോ– ഈ രീതി പഠിക്കൂ എങ്കിൽ പുരുഷാർത്ഥത്തിലും സേവനത്തിലും സഫലത നേടാം.

### സ്ലോഗൻ: നിമിത്തവും വിനയ ചിത്തരുമായിരിക്കുന്നതിന് വേണ്ടി മനസ്സും ബുദ്ധിയും പ്രഭുവിന് അർപ്പണം ചെയ്യൂ.